പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 1221

20.01.2014 -ൽ മറുപടി
നൽകേണ്ടത്

## 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തോമസ് ഉണ്ണിയാടൻ<br>,, റ്റി. യു. കുരുവിള<br>,, സി. എഫ്. തോമസ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) രാജ്യത്തിനാകെ മാതൃകയായി നടപ്പിലാക്കിയ 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;<br><br>(ബി) പ്രസ്തുത പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (എ) & (ബി)<br><br>2015-ഓടുകൂടി കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടു കൂടി ആവിഷ്കരിച്ച പദ്ധതിയാണ് 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി 2015'. ഇതിനായി നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ സ്വീകരിച്ച്, വില്ലേജാഫീസർ, തഹസീൽദാർ തലത്തിൽ അന്വേഷണം നടത്തി അർഹരായ 2,43,928 കുടുംബങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു.<br><br>2015- ലാണ് വിതരണം ചെയ്യുമെന്ന് പ്രഖ്യാപിച്ചതെങ്കിലും ആദ്യഘട്ടമായി ഒരു ലക്ഷം പേർക്ക് വാസയോഗ്യമായ 3 സെന്റ് ഭൂമി വീതം നൽകുവാനാണ് സർക്കാർ നടപടികൾ സ്വീകരിച്ചത്.<br><br>ഇതിനായി പരമാവധി സർക്കാർ ഭൂമി കണ്ടെത്തി പ്ലോട്ടുകൾ തിരിക്കുന്നതിന് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലും, സംസ്ഥാന തലത്തിലുള്ള സ്പെഷ്യൽ ഓഫീസറുടെ |

മേൽനോട്ടത്തിലും പ്രവർത്തനങ്ങൾ നടന്നു. കണ്ടെത്തിയ ഭൂമിയിൽ ചിലതിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ ആയത് വെക്കേറ്റ് ചെയ്യുന്നതിനുള്ള നടപടിയും എടുത്തു വരുന്നു.

ജില്ലകളിൽ കണ്ടെത്തിയ ഭൂമി വിതരണം നടത്തുന്നതിന് പട്ടികജാതിക്കാർ, അഗതികൾ, വിധവകൾ, വികലാംഗർ തുടങ്ങിയ മുൻഗണനാക്രമം മാനദണ്ഡമാക്കി ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് സി-ഡിറ്റ് തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ ഗുണഭോക്താക്കളേയും അവർക്കുള്ള പ്ലോട്ടുകളും തെരഞ്ഞെടുത്തു.

9 ജില്ലകളിൽ ഇതിനോടകം പട്ടയ വിതരണം നടന്നു. കണ്ണൂർ ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ച അർഹരായ 11,033 കുടുംബങ്ങൾക്ക് 3 സെന്റ് വീതവും, 68 ആദിവാസി കുടുംബങ്ങൾക്ക് ഒരു ഏക്കർ വീതവും ഭൂമി നൽകി കണ്ണൂർ ജില്ലയെ ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിച്ചു.

കാസർഗോഡ് ജില്ലയിലേയും അർഹതപ്പെട്ട മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി, വിതരണത്തിന് സജ്ജമായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ